## APPENDIX – II (b)

### 10.09.2007 – ലെ കമ്മീഷൻ 10–ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ള വേഡ് പ്രോസസിംഗ് തത്തുല്യ യോഗ്യതകൾ

i) 1992 ലെ പരിഷ്ക്കരിച്ച പാഠ്യപദ്ധതി പ്രകാരവും അതിനുശേഷവും ലഭിച്ച ഡിപ്ലോമാ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഡി.സി.പി.) സ്വീകരിക്കുന്നതാണ്.

ii) സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്ന ഡിപ്ലോമാ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് സ്വീകരിക്കുന്നതാണ്.

iii) IHRD യുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അതിന്റെ എക്സ്റ്റൻഷൻ സെന്ററുകളിലും വച്ച് നടത്തുന്ന കോഴ്സുകളെത്തുടർന്ന് നൽകുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റുകളിൽ IHRD ഡയറക്ടറുടെ ഒപ്പ് ഉണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

iv) ER&DCI (അഥവാ C-DAC) GIST, PACE പദ്ധതി പ്രകാരം നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകളെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

v) Electronics Corporation of India Limited നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

vi) സർക്കാരിന്റെ സൊസൈറ്റിയെന്ന് സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള Centre for Electronics Design and Technology of India (CEDTI) എന്ന സ്ഥാപനം നൽകിയ സർട്ടിഫിക്കറ്റ്, ടി സ്ഥാപനം സർക്കാർ സൊസൈറ്റി ആണെന്ന് തെളിയുന്നപക്ഷം സ്വീകരിക്കുന്നതാണ്.

vii) യൂണിവേഴ്സിറ്റികൾ (നാഷണൽ ഓപ്പൺ സ്കൂളിംഗ് ഉൾപ്പെടെ) നൽകുന്ന സർട്ടിഫിക്കറ്റിൽ വൈസ് ചാൻസലറോ പരീക്ഷാ കൺട്രോളറെ രജിസ്ട്രാറോ ഒപ്പു വച്ചിട്ടുണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

viii) Institute of Management in Government (IMG) നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

ix) National Council for Promotion of Urdu Languages കേന്ദ്ര മന്ത്രാലയത്തിനു കീഴിലുള്ളതാകയാൽ ടി കൗൺസിൽ നൽകിയ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

x) All India Council for Technical Education (AICTE) ന്റെ തുടർ വിദ്യാഭ്യാസ പദ്ധതി (Continuing Education Programme, CEP) യുടെ ചെയർമാൻ ഒപ്പിട്ട കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

xi) ഡീംഡ് യൂണിവേഴ്സിറ്റിയായ മണിപ്പാൽ അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ നൽകിയ യോഗ്യതകൾ സ്വീകരിക്കാവുന്നതാണ്. (പരീക്ഷാ കൺട്രോളർ / വൈസ് ചാൻസലർ ഒപ്പ് വച്ചത്).

xii) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഇൻ കേരള, കാനഡ–ഇൻഡ്യ ഇൻസ്റ്റിറ്റ്യൂഷണൽ കോ–ഓപ്പറേഷൻ പദ്ധതി, കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം എന്നീ മൂന്ന് പദ്ധതി പ്രകാരമല്ലാതെ കോളേജുകളിൽ നടത്തുന്ന മറ്റ് തുടർവിദ്യാഭ്യാസ കോഴ്സുകളെത്തുടർന്ന് ലഭിക്കുന്ന കമ്പ്യൂട്ടർ യോഗ്യതകളും പ്രിൻസിപ്പാൾ ഒപ്പു വച്ചിട്ടുണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

xiii) പ്രതിരോധസേനകളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഉദാ:– Air Force Vocational Colleges) നൽകുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ കമാന്റിംഗ് ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

xiv) VHSE (Vocational Higher Secondary Education) മുഖേന ലഭിച്ച കമ്പ്യൂട്ടർ കോഴ്സുകൾ സ്വീകരിക്കുന്നതാണ്.

xv) Training ന്റെ അടിസ്ഥാനത്തിൽ ലഭിച്ച സർട്ടിഫിക്കറ്റുകൾ, പ്രസ്തുത പരിശീലനത്തെത്തുടർന്ന് ഒരു പരീക്ഷ നടത്തി അതിൽ വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചതാണെങ്കിൽ സ്വീകരിക്കുന്നതാണ്. Apprenticeship Certificate കൾ സ്വീകരിക്കുന്നതല്ല.

xvi) Kerala State Audio-Visual and Reprographic Centre നൽകിയ Electronics Typewriting സർട്ടിഫിക്കറ്റ് Word Processing ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്വീകരിക്കുന്നതാണ്.

xvii) Small Industries Service Institute, Mangalore (Ministry of SSI & ARI, Government of India) നൽകിയ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

xviii) മറ്റ് സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്ന നിശ്ചിത കാലയളവിലുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്. എന്നാൽ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ഉം മലയാളം ടൈപ്പ് റൈറ്റിംഗ് കെ.ജി.റ്റി.ഇ. അല്ലെങ്കിൽ തുല്യമായ യോഗ്യതയും ഉണ്ടായിരിക്കണം.

xix) Pre Exam Training Centre, SC Development Department ഉം Vocational Tranining Cenre for PH ഉം നൽകിയ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

xx) ER&DCI യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തിയ (ജനകീയാസൂത്രണ പദ്ധതി പ്രകാരം) കോഴ്സിനെത്തുടർന്ന് നൽകിയ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

xxi) കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകിയ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്. എന്നാൽ കേന്ദ്ര / ജില്ലാ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി നൽകിയവ സ്വീകരിക്കുന്നതല്ല.

xxii) ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (മാനവ വിഭവശേഷി വികസന മന്ത്രാലയം, കേന്ദ്ര സർക്കാർ) നൽകുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

xxiii) Academy of General Education, Manipal, South India നൽകിയ കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

xxiv) എൽ.ബി.എസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തിയതോ, എൽ.ബി.എസും. നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനും ചേർന്ന് നടത്തിയതോ ആയ കോഴ്സിനെത്തുടർന്ന് ലഭിച്ച കമ്പ്യൂട്ടർ സർട്ടിഫിക്കറ്റുകൾ ടി സർട്ടിഫിക്കറ്റിൽ എൽ.ബി.എസ്. ഡയറക്ടറുടെ ഒപ്പ് ഉണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

xxv) തൃശ്ശൂർ ഗവൺമെന്റ് വനിതാ പോളിടെക്നിക് നടത്തിയ Electronics Typewriting with Awareness in Computer ലെ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

**(ഒപ്പ്)**
**അണ്ടർ സെക്രട്ടറി,**
**ഡി. ആർ. I വിഭാഗം**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**